പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5233 — 27.06.2019 ൽ മറുപടിയ്ക്ക്

## ഗോഡൗണുകളിൽ നിന്നും കരിഞ്ചന്തയായി കടത്തുന്ന അരി

ചോദ്യം
ശ്രീ.കെ.എസ്.ശബരീനാഥൻ

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഉൾപ്പെടെയുള്ള ഗോഡൗണുകളിൽ നിന്നും അരി സ്വകാര്യ മില്ലുകളിലേക്ക് കരിഞ്ചന്തയായി കടത്തുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് ഭക്ഷ്യവകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | ഇതു സംബന്ധിച്ച് തിരുവനന്തപുരം ജില്ലയിലെ വിവിധ ഗോഡൗണുകളിലും വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി NFSA ഗോഡൗണിലും പരിശോധന നടത്തിയിരുന്നു. സ്റ്റോക്കിൽ വ്യത്യാസം കണ്ടെത്തിയതിനെ തുടർന്ന് ഇതു സംബന്ധിച്ച നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | വർക്കല ചാത്തൻപാറയിലെ ഗോഡൗണിൽ വെട്ടിപ്പ് നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (സി) | വർക്കല താലൂക്കിലെ ചാത്തൻപാറ NFSA ഗോഡൗണിൽ പരിശോധന നടത്തിയതിൽ ഭക്ഷ്യധാന്യങ്ങളുടെ അളവിൽ വ്യത്യാസം കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ മറ്റ് ഗോഡൗണുകളിൽ പരിശോധന നടത്തുന്നതിനും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ഇതിന്റെ അടിസ്ഥാനത്തിൽ മറ്റ് ഗോഡൗണുകൾ പരിശോധിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തുകയാണെങ്കിൽ അവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ